(ബി) ഓരോ വർഷവും ഓരോ തലത്തിലും ചെലവഴിച്ച തുക എത്ര യെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.†

(ബി) വിവരം ശേഖരിച്ചുവരുന്നു.

134 (691) ജനകീയാസൂത്രണ കർമ്മസമിതി യോഗത്തിൽ പങ്കെടുക്കുന്നതിനുള്ള ഡ്യൂട്ടി ലീവ്

ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പരിപാടികളുടെ കർമ്മസമിതി അംഗങ്ങളായ സർക്കാർ/പൊതുമേഖലാ ഉദ്യോഗസ്ഥർക്ക് സമിതിയോഗത്തിൽ പങ്കെടുക്കുന്നതിന് ഡ്യൂട്ടി ലീവ് അനുവദിക്കണമെന്ന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതനുസരിച്ച് ഡ്യൂട്ടി ലീവ് അനുവദിച്ചു നല്കുന്നില്ലെന്ന് ഗവണ്മെന്റിന് പരാതി ലഭിച്ചിട്ടുണ്ടോ;

(സി) കണ്ണൂർ കെൽട്രോൺ കമ്പനിയിലെ ജീവനക്കാരായ എം. രവീന്ദ്രനാഥന് കർമ്മസമിതി യോഗത്തിൽ പങ്കെടുക്കുന്നതിനുള്ള ഡ്യൂട്ടി ലീവ് അനുവദിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച പരാതിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഡ്യൂട്ടി ലീവ് സംബന്ധിച്ച ഉത്തരവ് നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി)&(ഇ) സർക്കാരിന്റെ പരിഗണനയിലാണ്.

135 (692) ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

ശ്രീ. ടി.കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പ്രവർത്തിക്കുന്ന കല്യാശ്ശേരി പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ളിപ്തം നം. സി. 1462-ന് ജനകീയാസൂത്രണ പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ പ്രത്യേക അനുമതി നൽകണമെന്ന ആവശ്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ 23.10.99 ലെ 42690/ഡിപി2/99/തസ്വഭവ നമ്പർ കത്തു പ്രകാരം കല്യാശ്ശേരി പഞ്ചായത്ത് ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം നം. സി.1462-നെ ഗുണഭോക്തൃ സമിതിയായി അംഗീകരിച്ചിട്ടുണ്ട്.

136 (693) ഗ്രാമവികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയോജിപ്പിക്കുന്നതിനുള്ള തീരുമാനം

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും സംയോജിപ്പിക്കുന്നതിനുള്ള തീരുമാനം പൂർണ്ണമായി നടപ്പാക്കി കഴിഞ്ഞോ എന്നു വ്യക്തമാക്കുമോ;

(ബി) വകുപ്പുകളുടെ സംയോജനം ഏതു തലംവരെ നടപ്പാക്കി;

(സി) ഗ്രാമവികസന വകുപ്പിനുകീഴിൽ പ്രവർത്തിച്ചിരുന്ന ഏതെങ്കിലും സ്ഥാപനങ്ങളോ ഏജൻസികളോ നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ വകുപ്പുകളുടെ സംയോജനം കൊണ്ടുണ്ടായ നേട്ടങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) 29.4.1999 ലെ സർക്കാർ ഉത്തരവ് നം. (എം.എസ്.) 368/99/ജി.എ.ഡി. പ്രകാരം സെക്രട്ടേറിയേറ്റിലെ ഗ്രാമവികസന വകുപ്പിനേയും തദ്ദേശഭരണ വകുപ്പിനേയും സംയോജിപ്പിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് (Local Self Government Department) എന്ന ഒറ്റ വകുപ്പാക്കിക്കൊണ്ടും പ്രസ്തുത വകുപ്പിന്റെ ചുമതല ഒരു പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചുമതലയിൽ ആക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സർക്കാർ ബിസിനസ് ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ സർക്കാർ ഉത്തരവ് (എം.എസ്.)447/99/ജി.എ.ഡി. തീയതി 25.6.99 പ്രകാരം വരുത്തിയിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റ് തലത്തിൽ സംയോജനം നടപ്പാക്കിയിട്ടുണ്ട്.

(സി) ഗ്രാമവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ഗ്രാമവികസന ഏജൻസികൾ (ഡി.ആർ.ഡി.എ.കൾ) പിരിച്ചുവിട്ട് ജില്ലാ പഞ്ചായത്തുകളിൽ ലയിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അടങ്ങുന്ന സർക്കാർ ഉത്തരവ് (എം.എസ്.)നം. 33/99/ആർ.ഡി.ഡി. തീയതി 18.9.99 അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഡി) ത്രിതല പഞ്ചായത്തുകൾ മുഖേന ഗ്രാമവികസന വകുപ്പ് നടപ്പാക്കിവന്നിരുന്ന ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളുടെയും തദ്ദേശഭരണ വകുപ്പ് നടപ്പിലാക്കിവന്നിരുന്ന വിവിധ പദ്ധതികളുടെയും നടത്തിപ്പിന്റെ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly